കേടായിക്കിടക്കുകയാണ്. ലോക്കുകൾ പ്രവർത്തിക്കുന്നില്ല. ഈ സാഹചര്യത്തിൽ കൃഷി നശിക്കാത്ത വിധം ഉപ്പുവെള്ളത്തിൽനിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിനാവശ്യമായി ഷട്ടറുകളുടെ മെയിന്റനൻസ് നടത്തുന്നതിനും അടയ്ക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ സബ് പൂർണ്ണമായും അടച്ച് കൃഷി സംരക്ഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഗവൺമെന്റ് സജീവമായിട്ട് പരിഗണിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ്. തണ്ണീർമുക്കം ബണ്ടിന് 62 ഷട്ടറുകളും, 20 അടി, 30 അടി, 40 അടി വീതിയുള്ള 3 നാവിഗേഷൻ ലോക്കുകളും ഉണ്ട്. ഈ 62 ഷട്ടറുകളിൽ 54 എണ്ണം പുതുക്കിപ്പണിതുകഴിഞ്ഞു. ഇനി 8 ഷട്ടറുകളുടെ പണി നടക്കാനുണ്ട്. അത് ഈ ഡിസംബറോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. 20 അടി ലോക്കും 30 അടി ലോക്കും അടയ്ക്കുന്നതിനുള്ള ഷട്ടർ കാലപ്പഴക്കംമൂലം ദ്രവിച്ചുപോയിട്ടുണ്ട്. അവ മാറ്റേണ്ടത് ആവശ്യമാണ്. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞു. 40 അടി ലോക്കിനും അറ്റകുറ്റപ്പണി ആവശ്യമുണ്ട്. അറ്റകുറ്റപ്പണികൾക്കാവശ്യമായ ചെലവ് വഹിക്കുന്നത് Inland Water Ways Authority of India എന്ന സ്ഥാപനമാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലാണ് വരുന്നത്. അവരുമായി ബന്ധപ്പെട്ട് അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തണ്ണീർമുക്കം ബണ്ട് അടയ്ക്കുന്നതും തുറക്കുന്നതും സംബന്ധിച്ച സമയക്രമീകരണം നിശ്ചയിക്കുന്നത് ആലപ്പുഴ കളക്ടർ ചെയർമാനായ സമിതിയാണ്. അത് തർക്കമില്ലാത്ത നിലയിൽ അടയ്ക്കുന്നതിനും തുറക്കുന്നതിനുമുള്ള നിർദ്ദേശം ഈ പ്രാവശ്യം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

(7) ആയുർവ്വേദ വകുപ്പിലെ ഫാർമസിസ്റ്റുകാർ അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ. അടൂർ പ്രകാശ് : സർ, ആയുർവ്വേദ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്ന ആളുകളുടെ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ വകുപ്പിൽ ഫാർമസിസ്റ്റ് എന്ന തസ്തികയിൽ ജോലിക്ക് പ്രവേശിക്കുന്ന ആളുകൾക്ക് പത്ത് വർഷം, പതിനെട്ട് വർഷം, ഇരുപത്തിമൂന്ന് വർഷം കൂടുമ്പോഴാണ് ഓരോ ഗ്രേഡ് കൊടുക്കുന്നത്. അവരുടെ ആവശ്യം എന്നുപറയുന്നത്, 18 വർഷം പൂർത്തീകരിക്കുമ്പോൾ ഹയർ ഗ്രേഡ് പ്രൊമോഷനൊടൊപ്പം തസ്തികയുടെ പേരിൽ ഒരു ചെയ്ഞ്ച് ഉണ്ടാകണമെന്നുള്ളതാണ്. ആതായത് സ്റ്റോർകീപ്പർ ഫാർമസിസ്റ്റ് എന്നാക്കി മാറ്റണമെന്നുള്ള ആവശ്യമാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അധിക സാമ്പത്തിക ബാദ്ധ്യതയൊന്നും ഇല്ലാത്തതാണ്. ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും അനുകൂലമായ മറുപടി പ്രതീക്ഷിക്കുകയാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിയമനത്തിന് എസ്.എസ്.എൽ.സി.യും കമ്പോണ്ടേഴ്സ് ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് സർട്ടിഫിക്കറ്റുമാണ് അടിസ്ഥാന യോഗ്യത. അറ്റൻഡർ തസ്തികയിൽ നിന്നും പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് എസ്.എസ്.എൽ.സി.യും പ്രസ്തുത തസ്തികയിൽ 3 വർഷത്തെ സർവ്വീസും ആവശ്യമാണ്. നിലവിൽ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷനും 1:2 പ്രകാരം റേഷ്യോ പ്രൊമോഷനും നൽകുന്നുണ്ട്. ആകെ 809 ഫാർമസിസ്റ്റ് തസ്തികകൾ നിലവിലുണ്ട്. കൂടാതെ 100 ബെഡ്ഡുള്ള കണ്ണൂർ, കോഴിക്കോട് ജില്ലാ ആശുപത്രികളിൽ അവരുടെ പ്രൊമോഷൻ തസ്തികയായ സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ് തസ്തികയും നിലവിലുണ്ട്. നോമിനൽ രജിസ്റ്റർ, കഷായ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ ഓഫ് മെഡിസിൻ, raw-materials register മുതലായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുക. ഇൻഡന്റ് പ്രകാരം മരുന്ന് വിറക് ഫുഡ് മുതലായവ വിതരണം ചെയ്യുക എന്നിവയാണ് സ്റ്റോർ കീപ്പർ ഫാർമസിസ്റ്റിന്റെ ചുമതലകൾ. സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ് തസ്തികയുടെ ശമ്പള സ്കെയിൽ 5,000-8,250 രൂപയാണ്. പ്രസ്തുത തസ്തിക ഗസറ്റഡ് ആയി ഉയർത്താനുള്ള നടപടികളൊന്നും നിലവിലില്ല. ആയുർവ്വേദ വകുപ്പിൽ സ്റ്റോർ സൂപ്രണ്ട് എന്ന തസ്തികയില്ല. സ്റ്റോർ കീപ്പർ ഫാർമസിസ്റ്റ് ഗ്രേഡിലേയ്ക്ക് ഉയർത്തണമെന്ന ആവശ്യം ഈ നിലയ്ക്ക് പരിഗണിക്കാൻ പ്രയാസമുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി.സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ ?

ശ്രീ. എ. കെ. ബാലൻ : സർ, ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടിക്രമത്തെ സംബന്ധിച്ചാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. ഒറ്റ മിനിട്ട് മതി. എ.ഐ.സി.സി. ജനറൽ സെക്രട്ടറി..... (ബഹളം).....

മി.സ്പീക്കർ: No.....No..... Nothing will go in record. ഒരു പാർട്ടിയുടെ കാര്യത്തിൽ വേറൊരു പാർട്ടി ഇടപെടേണ്ട. അതിന്റെ ആവശ്യമില്ല. ആവശ്യമില്ലാത്ത കീഴ്വഴക്കമൊന്നും ഇവിടെ കൊണ്ടുവരണ്ട. ഒരു പോയിന്റുമില്ല, ഒരു ഓർഡറുമില്ല.....(ബഹളം).....

പാർട്ടിയുടെ കാര്യങ്ങളൊന്നും ഇവിടെ വേണ്ട. .....(ബഹളം).....

No Point of Order. Yes.....Yes.....C.M..... Nothing will go in record..... C.M. .....(ബഹളം).....

V ധനകാര്യം

2003-2004 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും 1989-90, 1990-91, 1991-92, 1992-93, 1995-96, 1997-98, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും.

LIBRARY ARCHIVES Kerala Legislative Assembly